12269
21/11/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-പി.എസ്.സി നിയമനം-വികലാംഗ സംവരണം- മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(ആർ.റ്റി)നം.651/14/സാ.നീ.വ തിരുവനന്തപുരം, തീയതി 30.10.2014

പരാമർശം-1. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി(2011-14) യുടെ നാലാമത് റിപ്പോർട്ടിലെ ശുപാർശ

2. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 10.10.2014 ലെ R & A II(2)11229/14/ഗ.വി നമ്പർ കത്ത്.

ഉത്തരവ്

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും സാമൂഹ്യ പരിരക്ഷ അർഹിക്കുന്ന മറ്റ് ജനവിഭാഗങ്ങളുടെയും ക്ഷേമം കൈകാര്യം ചെയ്യുന്ന വകുപ്പിന്റെ ഇന്നത്തെ പ്രവർത്തന ശൈലിയിൽ നിലനിൽക്കുന്ന പോരായ്മകൾ പരിഹരിച്ച് ചുമതലകൾ ഏറ്റവും ഫലപ്രദമായും മാതൃകാപരമായും നിർവ്വഹിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിനെ സജ്ജമാക്കണമെന്നും അതിനായി പ്രവർത്തനങ്ങളിൽ കാതലായ മാറ്റം വരുത്തണമെന്നും വിവിധ വകുപ്പുകളിൽ വികലാംഗർക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകളിലെ ഒഴിവുകൾ കണ്ടെത്തി യഥാസമയം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും മുഖ്യ പട്ടികയോടൊപ്പം വികലാംഗർക്കായുള്ള ഉപ പട്ടികയും പ്രസിദ്ധീകരിക്കണമെന്ന് പി.എസ്.സി യോട് ശുപാർശ ചെയ്യുന്നതിനും ഇത് സംബന്ധിച്ച നടപടികൾ ഏകോപിപ്പിക്കുന്നതിനായി പ്രധാന വകുപ്പ് മേധാവികൾ, പബ്ലിക് സർവ്വീസ് കമ്മീഷനിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ഒരു സ്ഥിരം മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കണമെന്ന് നാലാമത് റിപ്പോർട്ട് പ്രകാരം സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

സമിതിയുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. സമിതിയുടെ നാലാമത് റിപ്പോർട്ടിലെ ശുപാർശ പ്രകാരം വിവിധ വകുപ്പുകളിൽ വികലാംഗർക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകളിലെ ഒഴിവുകൾ കണ്ടെത്തി യഥാസമയം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും മുഖ്യ പട്ടികയോടൊപ്പം വികലാംഗർക്കായുള്ള ഉപ പട്ടികയും പ്രസിദ്ധീകരിക്കണമെന്ന് പി.എസ്.സി യോട് ശുപാർശ ചെയ്യുന്നതിനും ഇത് സംബന്ധിച്ച നടപടികൾ ഏകോപിപ്പിക്കുന്നതിനുമായി താഴെ ചേർത്തിരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സംസ്ഥാന വികലാംഗ കമ്മീഷണർ
2. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എൻ.ബി.കോമളവല്ലി അമ്മ
അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന വികലാംഗ കമ്മീഷണർ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം(ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം, തിരുവനന്തപുരം
സെക്രട്ടറി, നിയമസഭ(ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ പൊതുമേഖലാ വകുപ്പ് എം.ഡി/സി.ഇ.ഒ മാർക്കും
രജിസ്ട്രാർ, യൂണിവേഴ്സിറ്റീസ്, കേരള, മഹാത്മാഗാന്ധി, കൊച്ചിൻ, കാലിക്കട്ട്, കണ്ണൂർ, ശ്രീ ശങ്കരാചാര്യ, കാർഷിക സർവ്വകലാശാല(ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, സഹകരണ സംഘം
മാനേജിംഗ് ഡയറക്ടർ, ട്രാൻസ്പോർട്ട് കോർപ്പറേഷൻ
ചെയർമാൻ, ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ & ഇ)/(ആഡിറ്റ്) കേരള, തിരുവനന്തപുരം
പൊതുഭരണ (സർവ്വീസസ്.എ, സി.ഇ) വകുപ്പ്
ധനകാര്യ വകുപ്പ്
നിയമവകുപ്പ്
പൊതുഭരണ(എസ്.സി) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)
ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ